**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ .3845

21/06/2019 -ൽ മറുപടിക്ക്

**<u>മുദ്രപത്ര ക്ഷാമം പരിഹരിക്കുന്നതിന് നടപടി</u>**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.വി.എസ്.ശിവകുമാർ** | **ഡോ :ടി .എം . തോമസ് ഐസക്ക്**<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
| **(എ)** സംസ്ഥാനത്ത് അമ്പത് രൂപ,നൂറ് രൂപ തുകകളുടെ മുദ്രപത്രങ്ങൾക്ക് കടുത്ത ക്ഷാമം അനുഭവപ്പെടുന്നത് സാധാരണ ജനങ്ങളെ ബുദ്ധിമുട്ടിലാക്കിയിട്ടുള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;<br><br>**(ബി)** പ്രസ്തുത ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ? | **(എ) & (ബി)** സംസ്ഥാനത്ത് നിലവിൽ അമ്പത് രൂപ,നൂറ് രൂപ തുകയ്ക്കുള്ള മുദ്രപത്രങ്ങൾക്ക് ക്ഷാമം അനുഭവപ്പെടുന്നില്ല. വിതരണത്തിനാവശ്യമായ ചെറിയ മൂല്യങ്ങളിലുൾപ്പടെ എല്ലാ ഇനം മുദ്രപ്പത്രങ്ങളുടെയും മതിയായ സ്റ്റോക്ക് നിലവിൽ സംസ്ഥാനത്തെ ട്രഷറികളിൽ നീക്കിയിരിപ്പുണ്ട്. സംസ്ഥാനത്ത് ചെറിയ തുകയ്ക്കുള്ള മുദ്രപ്പത്രങ്ങൾക്ക് ക്ഷാമം അനുഭവപ്പെടാനിടയുള്ള സാഹചര്യങ്ങളിൽ , പുനർമൂല്യ നിർണ്ണയം ചെയ്ത മുദ്രപ്പത്രങ്ങൾ സബ് ട്രഷറികളും/ സ്റ്റാമ്പ് വെണ്ടർമാരും മുഖാന്തിരം പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയും , ചെറിയ മൂല്യത്തിലുള്ള മുദ്രപ്പത്രങ്ങൾ സ്റ്റോക്കുള്ള ട്രഷറികളിൽ നിന്നും സ്റ്റോക്ക് കുറവുള്ള ട്രഷറികൾക്ക് വിതരണത്തിനായി സമയബന്ധിതമായി ലഭ്യമാക്കുകയും ചെയ്യുന്നുണ്ട് . |

**സെക്ഷൻ ഓഫീസർ**